# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഉത്തർപ്രദേശിലെ ഗൊരഖ്പൂറിൽ ആയുഷ് സർവ്വകലാശാല രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് നാടിന് സമർപ്പിക്കും.

   President Draupadi Murmu will inauguarate the Ayush University in Gorakhpur, Uttar Pradesh today.

2. പ്രധാനമന്ത്രിയുടെ അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തിന് നാളെ തുടക്കമാകും.

   Prime Minister's five-nation tour begins tomorrow.

3. പുതുക്കിയ റെയിൽവേ യാത്രാനിരക്ക് പ്രാബല്യത്തിൽ. ഐആർസിടിസി വഴി ടിക്കറ്റ് ബുക്ക് ചെയ്യാൻ ഇന്നുമുതൽ ആധാർ അധിഷ്ഠിത സ്ഥിരീകരണം.

   Revised railway fares come into effect today. Aadhaar-based verification to book tickets through IRCTC will also begins today

4. സംസ്ഥാന പൊലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ ചുമതലയേറ്റു.

   Rawada Chandrasekhar takes charge as State police chief.

5. **സിറിയക്കെതിരായ ഉപരോധം അമേരിക്ക പിൻവലിച്ചു.**

**US lifts sanctions on Syria.**

6. **വിമ്പിൾഡൺ ടെന്നീസിൽ അൽക്കാരസ്, സബലെങ്ക എന്നിവർ രണ്ടാം റൗണ്ടിലേക്ക്. മെദ്വദേവ് ഒന്നാം റൗണ്ടിൽ പുറത്തായി.**

**In Wimbledon tennis, Alcaraz and Sabalenka enter second round. Medvedev knocked out in first round.**

**&&&&&&&&&&&&&&&&&&**

## PRESIDENT GORAKHPUR VISIT

ആദ്യ മഹായോഗി ഗുരു ഗൊരഖ്നാഥ് ആയുഷ് സർവകലാശാല രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് ഉദ്ഘാടനം ചെയ്യും. ഗൊരഖ്പൂറിൽ 52 ഏക്കറിൽ 267 കോടി രൂപ ചിലവിലാണ് സർവകലാശാല നിർമ്മാണം പൂർത്തികരിച്ചത്. അക്കാദമിക് ബ്ലോക്ക്, ഓഡിറ്റോറിയം, പഞ്ചകർമ്മ കേന്ദ്രം, പെൺകുട്ടികളുടെ ഹോസ്റ്റൽ എന്നിവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.ഗവർണർ ആനന്ദി ബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, എന്നിവർ പങ്കെടുക്കും. ഗൊരഖ്നാഥ് ക്ഷേത്രവും ശ്രീമതി മുർമ്മു സന്ദർശിക്കും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി ഉത്തർപ്രദേശിൽ എത്തിയത്.

**&&&&&&&&&&&&&&&&&&**

## PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഘാന, ട്രിനിഡാഡ് ആന്റ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങ ളിലേക്കുള്ള സന്ദർശനം നാളെ ആരംഭിക്കും. അടുത്ത മാസം

രണ്ട്, മൂന്ന് തീയതികളിൽ സന്ദർശനത്തിന്റെ ആദ്യ പാദത്തി ൽ പ്രധാനമന്ത്രി ഘാനയിൽ എത്തുമെന്ന് വിദേശകാര്യ മ ന്ത്രാലയത്തിലെ സാമ്പത്തിക കാര്യ സെക്രട്ടറി ദമ്മു രവി ന്യൂ ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഘാന പ്ര സിഡന്റുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

**AMIT SHAH- MANTHAN**

സഹകരണ മേഖലയിലെ ഇന്ത്യയുടെ പാരമ്പര്യവും ആധുനികതയും ഇടകലർത്തിയാണ് സഹകരണ മന്ത്രാലയത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി രൂപം നൽകിയതെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ മന്ത്രിമാരുമായി ന്യൂഡൽഹിയിൽ ചേർന്ന മന്തൻ ബൈഠക്കിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. അന്തരാഷ്ട്ര സഹകരണ വർഷാഘോഷത്തോടനുബന്ധിച്ചായിരുന്നു യോഗം. ഇന്ത്യയിലെ സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ , അവയുടെ പുരോഗതി ഉൾപ്പെടെ യോഗം ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&&

## SITHARAMAN– FINANCING

മൂലധനം , ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും, സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ നിക്ഷേപം പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. സമഗ്രവും സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയ്ക്ക് ഇത് അത്യന്താപേക്ഷിതമാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. സ്പെയിനിൽ ഐക്യരാഷ്ട്രസഭ സംഘടിപ്പിച്ച നാലാമത് അന്താരാഷ്ട്ര വികസന ധനസഹായ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ആഗോളതലത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്ന കാലത്ത് , വികസനത്തിനുള്ള ധനസഹായം വർധിപ്പിക്കാൻ സ്വകാര്യ മൂലധനം അനിവാര്യമാണ്. സ്വകാര്യ മൂലധനത്തിന്റെ ഫലപ്രദമായ സമാഹരണത്തിന്, ആഭ്യന്തര പരിഷ്കാരങ്ങളും അന്താരാഷ്ട്ര സഹകരണവും സംയോജിപ്പിച്ച് കൊണ്ടുള്ള നയം രൂപീകരിക്കണമെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## GST DAY

ജി എസ് ടി സംവിധാനം നിലവിൽ വന്നതിൻറെ എട്ടാം വാർഷികം ഇന്ന്. നികുതി സമ്പ്രദായത്തിൽ സുതാര്യത,

സ്ഥിരത, കാര്യക്ഷമത എന്നിവ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് 2017 ജൂലായ് ഒന്നിനാണ് ജിഎസ്ടി നിലവിൽ വന്നത്. രാജ്യത്തെ ചരക്കു സേവന നികുതി വരുമാനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഇരട്ടി വളർച്ചയാണ് രേഖപ്പെടുത്തിയതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 2020-21ൽ 11.37 ലക്ഷം കോടി ആയിരുന്ന നികുതി വരുമാനം, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സർവകാല റെക്കോർഡ് ആയ 22.8 ലക്ഷം കോടി കടന്നു. ജി എസ് ടി ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മേഖല സംഘടിപ്പിക്കുന്ന ജിഎസ്ടി ദിനാഘോഷം ഇന്ന് തിരുവനന്തപുരത്ത് നടക്കും.

&&&&&&&&&&&&&&&&&&

**RAILWAY FARE -INTRO**

റെയിൽവേയിലെ പുതുക്കിയ യാത്രാ നിരക്കുകൾ ഇന്ന് പ്രാബല്യത്തിൽ വരും. ഓർഡിനറി ക്ലാസ്സുകളിൽ 500 കിലോമീറ്റർ ദൂരം വരെ നിരക്ക് വർധന ഉണ്ടാകില്ല.

***വിശദാംശങ്ങളിലേക്ക്..............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**IRCTC**

IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത

സ്ഥിരീകരണം ഇന്ന് മുതൽ നിലവിൽ വരും. ഈ മാസം അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും. ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ അറിയിച്ചു.

&&&&&&&&&&&&&&&&&&

**SYRIA SANCTION**

21 വർഷം മുമ്പ് സിറിയയ്ക്കെതിരെ ഏർപ്പെടുത്തിയ ഉപരോധങ്ങൾ പിൻവലിച്ച് അമേരിക്ക. ഇതുമായി ഉത്തരവിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചു. 2004-ലാണ് തീവ്രവാദത്തെ സ്പോൺസർ ചെയ്യുന്നെന്ന് ആരോപിച്ച് അമേരിക്ക സിറിയക്കെതിരെ ഉപരോധം ഏർപ്പെടുത്തിയത്. 2011-ൽ സിറിയയിൽ ആഭ്യന്തര യുദ്ധം ആരംഭിച്ചതോടെ ഉപരോധം കടുപ്പിച്ചിരുന്നു. സിറിയയിൽ സമാധാനവും സ്ഥിരതയും ഉറപ്പുവരുത്തുന്നതിന് പിന്തുണ നൽകാനാണ് ഉപരോധം പിൻവലിക്കുന്നതെന്ന് വൈറ്റ് ഹൗസ് അറിയിച്ചു. പുതിയ സിറിയൻ സർക്കാരിന്റെ പ്രവർത്തനങ്ങൾ അമേരിക്ക സൂക്ഷ്മമമായി നിരീക്ഷിക്കുമെന്നും വൈറ്റ് ഹൗസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## QUAD (INTRO)

ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ അമേരിക്കയിലെത്തിയ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ യു.എൻ ആസ്ഥാനത്ത് ഭീകരതയ്ക്കെതിരെയുള്ള പ്രദർശനം ഉദ്ഘാടനം ചെയ്യു. വിദേശകാര്യമന്ത്രിമാരുടെ യോഗത്തിന് ഇന്ന് വാഷിംഗ്ടണ്ണിൽ തുടക്കമായി.

***വിശദാംശങ്ങളിലേക്ക്........***
***(ഹോൾഡ് വോയ്സ്.....)***

&&&&&&&&&&&&&&&&&&

## QUAD (VOICE)

സ്വതന്ത്രവും സുരക്ഷിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി പൊതു കാഴ്ചപ്പാട് രൂപീകരിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളിൽ ഇന്ന് ചേരുന്ന ക്വാഡ് യോഗം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.സ്വതന്ത്രമായ ഇന്തോ- പസഫിക് നയം ഉറപ്പാക്കാൻ ഇന്ത്യ, ഓസ്ട്രേലിയ, അമേരിക്ക, ജപ്പാൻ ഉൾപ്പെട്ട ക്വാഡ് അംഗരാജ്യങ്ങൾ പ്രതിജ്ഞാബദ്ധമെന്ന് അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് വക്താവ് ടാമി ബ്രൂസ് വ്യക്തമാക്കി. സുതാര്യത, സമുദ്ര സുരക്ഷ, എന്നിവ ഉറപ്പാക്കുന്നതിനുള്ള അംഗരാജ്യങ്ങളുടെ

പ്രതിബദ്ധതയും അവർ ആവർത്തിച്ചു. ഇന്തോ - പസഫിക് മേഖലയിലെ സുരക്ഷയിൽ ഇന്ത്യയുടെ പിന്തുണ വളരെ വലുതാണെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞു. പ്രസിഡൻറ് ഡോണൾഡ് ട്രംപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിൽ ശക്തമായ ബന്ധമാണ് ഉള്ളതെന്നും അവർ പറഞ്ഞു. ഭീകരത ലോകത്ത് എവിടെയാണെങ്കിലും സമാധാനത്തിന് വെല്ലുവിളിയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. ഏത് രാജ്യവും സ്പോൺസർ ചെയ്യുന്ന ഭീകരവാദത്തെ തുറന്നു കാട്ടുകയും അതിനെതിരെ ശബ്ദമുയർത്തുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്ത് ഭീകരവാദത്തിന് എതിരായ പ്രദർശനം കേന്ദ്ര മന്ത്രി ഉദ്ഘാടനം ചെയ്തു.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&

## ARMY CHIEF – BHUTAN

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ ഭൂട്ടാൻ സന്ദർശനം ആരംഭിച്ചു. ഭൂട്ടാനിലെ രാജാവ്, കരസേനാ മേധാവി തുടങ്ങിയവരുമായി അദ്ദേഹം ചർച്ച നടത്തും. ഉഭയകക്ഷി പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## MoS - SPARSH

പ്രതിരോധ സേനയിൽ നിന്ന് വിരമിച്ചവർക്ക് സേവനങ്ങൾ സുഗമമായി ലഭ്യമാകാൻ സ്പർശ് പദ്ധതിയിലൂടെ സാധിച്ചതായി കേന്ദ്ര സഹമന്ത്രി എൽ.മുരുഗൻ. തിരുച്ചിറപ്പള്ളിയിൽ ഡിഫൻസ് അക്കൗണ്ട്സ് വകുപ്പിന്റെ 206-ാമത് സ്പാർഷ് ഔട്ട്റീച്ച് പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാരിന്റെ പെൻഷൻകാരുടെ 57 ശതമാനവും സായുധ സേനയിൽ നിന്ന് വിരമിച്ചവരാണ്. അതുകൊണ്ട് തന്നെ പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പെട്ടന്ന് പരിഹരിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു. അഞ്ച് സ്പർശ് മൊബൈൽ വാനുകളും അദ്ദേഹം ഫ്ളാഗ്ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&&&

## LPG PRICE

വാണിജ്യആവശ്യങ്ങൾക്കുള്ള പാചകവാതക സിലിണ്ടറിൻറെ വില കുറഞ്ഞു. 19 കിലോഗ്രാമിൻറെ വാണിജ്യ എൽപിജി സിലിണ്ടറിന് ഡൽഹിയിൽ 58 രൂപ 50 പൈസയുടെ കുറവാണ് ഉണ്ടായത്. വാണിജ്യ സിലിണ്ടറിന് ഡൽഹിയിൽ 1,665 രൂപയാണ് നിലവിലെ വിലയെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചു. കൊൽക്കത്തയിൽ 57

രൂപയുടെയും മുംബൈയിൽ 58 രൂപയുടയും ചെന്നൈയിൽ 57 രൂപ 50 പൈസയുടെയും കുറവ് ഉണ്ടായിട്ടുണ്ട്. ഗാർഹിക സിലിണ്ടറുകളുടെ വിലയിൽ മാറ്റമില്ല.

&&&&&&&&&&&&&&&&&&

## DELHI – VEHICLE POLICY

ഡൽഹിയിൽ 15 വർഷത്തിന് മുകളിലുള്ള പെട്രോൾ വാഹനങ്ങൾക്കും 10 വർഷത്തിന് മേലുള്ള ഡീസൽ വാഹനങ്ങൾക്കും ഇന്ന് മുതൽ ഇന്ധനം ലഭ്യമാകില്ലെന്ന് ഡൽഹി സർക്കാർ. കാലഹരണപ്പെട്ട വാഹനങ്ങളുടെ ഉപയോഗം അവസാനിപ്പിക്കാനും വായു ഗുണനിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ഡൽഹി സർക്കാർ നയത്തിൻറെ ഭാഗമായാണ് തീരുമാനം.

&&&&&&&&&&&&&&&&&&

## WIMBELDON

ലണ്ടനിൽ നടക്കുന്ന വിമ്പിൾഡൺ ഗ്രാൻഡ് സ്ലാമിൽ ഇറ്റലിയുടെ ഫാബിയോ ഫോഗിനിയെ പരാജയപ്പെടുത്തി സ്പാനിഷ് താരം കാർലോസ് അൽകാരസ് രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. ഹാട്രിക്ക് കിരീടം ലക്ഷ്യമിട്ടാണ് അൽകാരാസ് ഇത്തവണ വിമ്പിൾഡണിൽ മാറ്റുരയ്ക്കുന്നത്. മറ്റൊരു മത്സരത്തിൽ മുൻ യുഎസ് ഓപ്പൺ ചാമ്പ്യനായ ഡാനിൽ മെദ്‌വദേവ് ഫ്രഞ്ച് താരം ബെഞ്ചമിൻ ബോൺസിയോട് പരാജയപ്പെട്ട് പുറത്തായി. വനിതാ

വിഭാഗത്തിൽ അരിയാന സാബലെങ്ക, കാഴ്സൺ ബ്രാൻസ്റ്റൈനെ പരാജയപ്പെടുത്തി. രോഹൻ ബൊപ്പണ്ണ ഉൾപ്പെടെ നാല് ഇന്ത്യൻ താരങ്ങളും വിമ്പിൾഡണിൽ ഇത്തവണ വിവിധ വിഭാഗങ്ങളിൽ മത്സരിക്കും.

&&&&&&&&&&&&&&&&&&

## DGP

സംസ്ഥാന പൊലീസ് മേധാവിയായി റവാഡ ചന്ദ്രശേഖർ സ്ഥാനമേറ്റു. തിരുവനന്തപുരത്ത് പൊലീസ് ആസ്ഥാനത്തെത്തിയ റവാഡ എഡിജിപി എച്ച് വെങ്കിടേഷിൽ നിന്നാണ് ചുമതലയേറ്റത്. കേന്ദ്രസർവ്വീസിൽ നിന്ന് വിടുതൽ ചെയ്ത റവാഡ ചന്ദ്രശേഖർ ഇന്ന് രാവിലെയാണ് തലസ്ഥാനത്തെത്തിയത്. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിലാണ് യുപിഎസ്‌സി ചുരുക്കപ്പെട്ടികയിലെ രണ്ടാമനായ റവാഡയെ പൊലീസ് മേധാവിയാക്കാൻ തീരുമാനമെടുത്തത്. 1991 ബാച്ച് ഐപിഎസ് ഉദ്യോഗസ്ഥനായ ഇദ്ദേഹം കേന്ദ്ര ഇൻറലിജൻസ് ബ്യൂറോയിൽ സ്പെഷ്യൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

&&&&&&&&&&&&&&&&&&

## CM - MEETING

സംസ്ഥാന മന്ത്രിസഭാ വാർഷികാഘോഷങ്ങളുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാല്

ജില്ലകളുടെ മേഖലാതല അവലോകന യോഗം ഇന്ന് കണ്ണൂരിൽ ചേരും. രാവിലെ പത്ത് മണി മുതൽ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന യോഗത്തിൽ കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡിജിപി, നാലു ജില്ലകളിലെ ജില്ലാ കലക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&